# കേരളസർവകലാശാല

നം.പി.ആർ.168/2021

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2021 –22
### ഓൺലൈൻ രജിസ്ട്രേഷൻ ഓഗസ്റ്റ് 27ന് അവസാനിക്കുന്നു

കേരളസർവകലാശാലയുടെ ഒന്നാംവർഷ ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഓഗസ്റ്റ് 27 ന് അവസാനിക്കുന്നതാണ്. പ്രവേശന നടപടികളിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വിവിധ വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും മേൽപ്പറഞ്ഞ തീയതിക്ക് മുമ്പ് തന്നെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്ത വിദ്യാർത്ഥികളെ ഒരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. ഫോറം വഴിയുള്ള പരാതികൾ ഓഗസ്റ്റ് 27ന് വൈകുന്നേരം മൂന്നു മണിവരെ മാതമേ സ്വീകരിക്കുകയുള്ളൂ. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് തുടർ ആവശ്യത്തിനായി സൂക്ഷിക്കണം.

സ്പോർട്സ്ക്വാട്ട പ്രവേശനത്തിന് താൽപര്യമുള്ള വിദ്യാർത്ഥികൾ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്ത ശേഷം പ്രൊഫൈലിൽ ലഭ്യമാകുന്ന പ്രൊഫോമ തങ്ങൾ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (സ്പോർട്സ്ക്വാട്ട പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) നേരിട്ടോ ഇ-മെയിൽ മുഖാന്തിരമോ ഓഗസ്റ്റ് 27 ന് വൈകിട്ട് 5 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ ഇ-മെയിൽ ഐ.ഡി. അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച സംശയനിവാരണങ്ങൾക്ക് 8281883052, 82281883053, 9188524610 (whatsapp) എന്നീ ഫോൺ നമ്പരുകളിലോ onlineadmissions@keralauniversity.ac.in എന്ന ഇ-മെയിൽ ഐ.ഡിയിലോ സർവകലാശാലയുമായി ബന്ധപ്പെടാവുന്നതാണ്. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും www.admissions.keralauniversity.ac.in എന്ന പേജ് സന്ദർശിക്കുക.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കുന്നതിന്)

### പരീക്ഷാഫലം

കേരളസർവകലാശാല 2020 ഒക്ടോബറിൽ നടത്തിയ അവസാനവർഷ ബി.ഡി.എസ്.പാർട്ട് രണ്ട് (സപ്ലിമെന്ററി – 2008 സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയ ത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 ഡിസംബറിൽ നടത്തിയ അവസാനവർഷ ബി.ഫാം. (സപ്ലിമെന്റ റി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധ നയ്ക്കും സെപ്റ്റംബർ 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ/പ്രോജക്ട്റിപ്പോർട്ട്/വൈവാവോസി

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ (2008 സ്കീം) സെപ്റ്റംബർ 2020 ബി.ടെക്. ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷ – മെക്കാനിക്കൽ സ്ട്രീം – ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്

ബ്രാഞ്ചിന്റെ 08607 – Machines Shop II , 08608 – CAD Modelling & Analysis Lab എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 31 ന് തിരുവനന്തപുരം എസ്.സി.റ്റി.കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ജൂലൈയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർസയൻസ്/ബി.സി.എ. (എസ്.ഡി.ഇ.) വിദ്യാർത്ഥികളുടെ മേജർ പ്രോജക്ട് റിപ്പോർട്ട് സെപ്റ്റംബർ 1 ന് മുൻപ് വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം 2021 ജൂലൈയിൽ നടത്തിയ ആറാം സെമസ്റ്റർ സോഷ്യോളജി (2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ വൈവാ വോസി ആഗസ്റ്റ് 31, സെപ്റ്റംബർ 1, 2 തീയതികളിൽ കാര്യവട്ടം ക്യാമ്പസിലെ വിദൂരവിദ്യാഭ്യാകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## ആറാം സെമസ്റ്റർ സ്പെഷ്യൽ പരീക്ഷ – ടൈംടേബിൾ

കേരളസർവകലാശാലയുടെ സെപ്റ്റംബർ 1 ന് ആരംഭിക്കുന്ന സി.ബി.സി.എസ്. ബി.എ./ബി.എസ്സി./ബി.കോം. കോഴ്സുകളുടേയും സി.ആർ.സി.ബി.സി.എസ്.എസ്. കരിയർ റിലേറ്റഡ് കോഴ്സുകളുടേയും ആറാം സെമസ്റ്റർ സ്പെഷ്യൽ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം,
26.08.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**